സ്ഥാപനങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് വിവിധ ഓഡിറ്റ് ഹെഡ്ഡുകൾ വേർതിരിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇതിലേയ്ക്ക് എയിംസിൽ പ്രതിഫലിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ഡാറ്റാ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുവേണ്ടി ഓഡിറ്റ് ഹെഡ്ഡുകൾ വേർതിരിച്ച് ഉൾക്കൊള്ളിക്കേണ്ട സാഹചര്യം modification & enhancement ലൂടെ എയിംസ് സോഫ്റ്റ്വെയറിൽ നിലവിൽ വന്നു. 20-3-2020-ലെ സ.ഉ. (സാധാ) നം.2359/2020/ധന പ്രകാരം കെൽട്രോണിൽ നിന്നും മേൽപ്പറഞ്ഞ modification എയിംസിൽ നടത്തുന്നതിനുവേണ്ടി effort quantification & cost estimation ലഭ്യമാക്കി ഐ.ടി. മിഷൻ വിദഗ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് മേൽപ്പറഞ്ഞ ഓഡിറ്റ് ഹെഡ്ഡുമായി ബന്ധപ്പെട്ട modifications എയിംസിൽ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ്

96(3528) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സ്കീമുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ?

മെഡിസെപ് സ്കീമുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021)ഫയൽ ചെയ്യുകയുണ്ടായി. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ സർക്കാരിനെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി വിഷയത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെങ്കിലും ജീവനക്കാരോ സംഘടനകളോ കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അഡ്വക്കേറ്റ് ജനറൽ കേരളയുടെ ഓഫീസിൽനിന്നും ടി വിഷയവുമായി ബന്ധപ്പെട്ട കേസിൽ ഏതെങ്കിലും ജീവനക്കാരോ സംഘടനകളോ കക്ഷി ചേർന്നിട്ടുള്ളതായി നാളിതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

മഞ്ചേശ്വരം താലൂക്കിൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുന്നതിന് നടപടി

97(3529) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് സ്റ്റാമ്പ് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്റ്റാമ്പ് വെണ്ടർമാരെ തെരഞ്ഞെടുക്കുന്നത്/നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ?

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുൻസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ, പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. സ്റ്റാമ്പ് വെണ്ടർമാർക്ക് വിവിധ ഡിനോമിനേഷനിലുള്ള മുദ്രയും മുദ്രപത്രങ്ങളും വില്പന നടത്തുമ്പോൾ വെണ്ടർ കമ്മിഷൻ ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly